**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **24-02-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം വകുപ്പിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം വകുപ്പിന് കീഴിൽ വിവിധ ദേവസ്വങ്ങളിലായി എത്ര ക്ഷേത്രങ്ങൾ നിലവിലുണ്ട് ; അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വകുപ്പ സ്വീകരിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 1250 ക്ഷേത്രങ്ങൾ നിലവിലുണ്ട്. ഭരണ സൗകര്യാർത്ഥം ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളെ ദേവസ്വം കമ്മീഷണറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ കീഴിൽ ശബരിമല ഉൾപ്പെടെ നാല് ദേവസ്വം ജില്ലകളായും തിരിച്ചിരിക്കുന്നു. ദേവസ്വങ്ങളെ സബ് ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തിയും, ടി സബ് ഗ്രൂപ്പുകളെ ഗ്രൂപ്പുകളായി തിരിച്ചും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഭരണം നിർവ്വഹിച്ചുപോരുന്നു. ഒരു ദേവസ്വം ജില്ലയിൽ ഇത്തരത്തിലുള്ള നാല് മുതൽ അഞ്ചുവരെ ഗ്രൂപ്പുകൾ ഉൾപ്പെടുന്നു. ശബരിമലയെ പ്രത്യേകം ഗ്രൂപ്പായി കണക്കാക്കി എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ ഭരണം നിർവ്വഹിച്ചുപോരുന്നു. ടി ക്ഷേത്രങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ബോർഡ് തലത്തിൽ സ്വീകരിക്കുന്ന നടപടികൾ കാലാകാലങ്ങളായി ക്ഷേത്രങ്ങളിൽ നടപ്പാക്കി വരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1378 ക്ഷേത്രങ്ങൾ നിലവിലുണ്ട്.<br>ക്ഷേത്രജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കൽ, ക്ഷേത്രങ്ങളുടെ അറ്റകുറ്റപണികളും ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങളും, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളം-കാവ്-ആൽത്തറ എന്നിവയുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ബോർഡ് നിർവഹിച്ച് വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കിഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, മലബാർ ദേവസ്വം ബോർഡ് നിയമ ഭേദഗതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗുരുവായൂർ ദേവസ്വത്തിന് കീഴിൽ ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടെ 11 ക്ഷേത്രങ്ങൾ ഉണ്ട്. |

| | | | |
|---|---|---|---|
| | | | കൂടൽമാണിക്യം ദേവസ്വത്തിന് കീഴിൽ 12 ക്ഷേത്രങ്ങൾ (കീഴേടങ്ങൾ) ഉണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക സുതാര്യത ഉറപ്പുവരുത്തുന്നതിന് ഇടപാടുകൾ ബാങ്ക് വഴി ആക്കിയിട്ടുണ്ട്. ക്ഷേത്രകമ്മിറ്റികളുടെ വാർഷിക ജനറൽ ബോർഡി യോഗത്തിൽ ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ, കമ്മിറ്റി മെമ്പർമാർ എന്നിവർ പങ്കെടുക്കുന്നു. എല്ലാ കീഴേടങ്ങളിലേയും ഭൂമികൾ അളന്ന് തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വഴിപാട് ചോർച്ച തടയാനും വഴിപാടിതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ 406 ക്ഷേത്രങ്ങൾ ഉണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിനെ 5 ഗ്രൂപ്പുകളായി തിരിച്ച് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് ചുമതല നൽകുകയും എല്ലാ മാസവും ബോർഡ് തലത്തിൽ മീറ്റിംഗ് നടത്തി കാര്യങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഭക്തന്മാരുടെ സൗകര്യാർത്ഥം ഓൺലൈൻ വഴിപാട് സൗകര്യങ്ങൾ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13.07.2021 ന് ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് മാരുടെ സംയുക്ത യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ദേവസ്വത്തിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ചടങ്ങുകളിലും പൂജാവിധികളിലും ചില പ്രശ്നങ്ങൾ ഈയടുത്തകാലത്ത് ഉണ്ടാകുന്നു എന്നത് വകുപ്പു പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ താന്ത്രിക വിധി പ്രകാരമുള്ള ക്ഷേത്ര ചടങ്ങുകളും പൂജാ വിധികളുമാണ് നടന്നു വരുന്നത്. ക്ഷേത്രചടങ്ങുകളിലും, പൂജാവിധികളിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ, ക്ഷേത്രചടങ്ങുകളിലും, പൂജാവിധികളിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഓരോ ക്ഷേത്രങ്ങൾക്കും അവയുടെ പ്രതിഷ്ഠ, ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത തുടങ്ങിയ കാര്യങ്ങൾ അടിസ്ഥാനമാക്കി വൈവിധ്യങ്ങളായ ആചാരാനുഷ്ഠാനങ്ങളും പൂജാവിധികളും ക്ഷേത്രം തന്ത്രിമാരുടെ നിർദ്ദേശപ്രകാരമാണ് നടക്കാറുള്ളത്. ആയതിനാൽ ഏകീകൃത ആചാര പ്രക്രിയ എന്നത് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള |

| | | | |
|---|---|---|---|
| | | | ക്ഷേത്രങ്ങളിൽ അപ്രായോഗികമാണ്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ 12 നമസ്കാരം (കാൽകഴുകിച്ചൂട്ട്) വഴിപാടിനെക്കുറിച്ചുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തൃപ്പൂണിത്തുറ ദേവസ്വം ഓഫീസർ, അസി. കമ്മീഷണർ എന്നിവരിൽ നിന്ന് കൊച്ചിൻ ദേവസ്വം കമ്മീഷണർ റിപ്പോർട്ട് വാങ്ങുകയും, അഖില കേരള തന്ത്രി സമാജം ഭാരവാഹികളുമായി 11.02.2022 ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 12 നമസ്കാരം, കാൽകഴുകിച്ചൂട്ട് എന്ന പേരുകളിൽ നടത്തി പോരുന്ന വഴിപാടുകൾ ഇനി മുതൽ സമാരാധന എന്ന പേരിൽ അറിയപ്പെടുന്നതിനും ഇത് സംബന്ധിച്ച് കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നങ്ങളുണ്ടാകാതിരിക്കാനായി എല്ലാ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ഒരു ഏകീകൃത ആചാരപ്രക്രിയ നടപ്പാക്കാനും അവ കാലാനുസൃതമാക്കാനും എന്തു നടപടികൾ സ്വീകരിച്ചു വരുന്നു ; വ്യക്തമാക്കുമോ ? | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ താന്ത്രിക വിധി പ്രകാരമുള്ള ക്ഷേത്ര ചടങ്ങുകളും പൂജാ വിധികളുമാണ് നടന്നു വരുന്നത്. ക്ഷേത്രചടങ്ങുകളിലും, പൂജാവിധികളിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ, ക്ഷേത്രചടങ്ങുകളിലും, പൂജാവിധികളിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഓരോ ക്ഷേത്രങ്ങൾക്കും അവയുടെ പ്രതിഷ്ഠ, ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത തുടങ്ങിയ കാര്യങ്ങൾ അടിസ്ഥാനമാക്കി വൈവിധ്യങ്ങളായ ആചാരാനുഷ്ഠാനങ്ങളും പൂജാവിധികളും ക്ഷേത്രം തന്ത്രിമാരുടെ നിർദ്ദേശപ്രകാരമാണ് നടക്കാറുള്ളത്. ആയതിനാൽ ഏകീകൃത ആചാര പ്രക്രിയ എന്നത് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ അപ്രായോഗികമാണ്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ 12 നമസ്കാരം (കാൽകഴുകിച്ചൂട്ട്) വഴിപാടിനെക്കുറിച്ചുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തൃപ്പൂണിത്തുറ ദേവസ്വം ഓഫീസർ, അസി. കമ്മീഷണർ എന്നിവരിൽ നിന്ന് കൊച്ചിൻ ദേവസ്വം കമ്മീഷണർ റിപ്പോർട്ട് വാങ്ങുകയും, അഖില കേരള തന്ത്രി സമാജം ഭാരവാഹികളുമായി 11.02.2022 ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 12 നമസ്കാരം, കാൽകഴുകിച്ചൂട്ട് എന്ന പേരുകളിൽ നടത്തി പോരുന്ന വഴിപാടുകൾ ഇനി മുതൽ |

| | | | |
|---|---|---|---|
| | | | സമാരാധന എന്ന പേരിൽ അറിയപ്പെടുന്നതിനും ഇത് സംബന്ധിച്ച് കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ